LIBRARY ARCHIVES Kerala Legislative Assembly

മാവേലിക്കര മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി

318 (4706) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ?

2020-21 സാമ്പത്തിക വർഷത്തിൽ മാവേലിക്കര മണ്ഡലത്തിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയത് വഴി പഞ്ചായത്തിലെ ക്ഷീരസംഘത്തിലൂടെയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം 1800 ലിറ്ററിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ എത്ര ഗുണഭോക്താക്കളുണ്ടെന്നും അവർക്ക് പദ്ധതി മുഖേന ലഭിക്കുന്ന ഗുണഫലങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ?

പ്രസ്തുത പദ്ധതിയിൽ ആകെ 89 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിരുന്നു.

I. 2 പശു യൂണിറ്റ് സ്ഥാപിച്ചതിനുള്ള ധനസഹായം 10 പേർക്ക് നൽകി. ഒരു ഗുണഭോക്താവിനുള്ള ധനസഹായ തുക 69,000 രൂപ.

II. കോമ്പോസ്റ്റ് (1 പശു +1 കിടാരി) യൂണിറ്റ് സ്ഥാപിച്ചതിനുള്ള ധന സഹായം 10 പേർക്ക് നൽകി. ഒരു ഗുണഭോക്താവിനുള്ള ധനസഹായ തുക 53,000 രൂപ.

III. 5 പശു യൂണിറ്റ് സ്ഥാപിച്ചതിനുള്ള ധനസഹായം 4 പേർക്ക് നൽകി. ഒരു ഗുണഭോക്താവിനുള്ള ധനസഹായ തുക 1,84,000 രൂപ.

IV. കോമ്പോസ്റ്റ് (3 പശു +2 കിടാരി) യൂണിറ്റ് സ്ഥാപിച്ചതിനുള്ള ധനസഹായം 3 പേർക്ക് നൽകി. ഒരു ഗുണഭോക്താവിനുള്ള ധന സഹായ തുക 1,50,000 രൂപ.

V. കറവയന്ത്രം സ്ഥാപിച്ചതിന് ഒരാൾക്ക് 25,000 രൂപ ധനസഹായം നൽകി.

VI. ആവശ്യാധിഷ്ഠിത പദ്ധതിയിലുൾപ്പെടുത്തി കാലിത്തൊഴുത്ത് നവീകരി ച്ചതിന് 38 ഗുണഭോക്താക്കൾക്ക് ആകെ 9,00,000 രൂപ ധനസഹായ മായി നൽകി.

VII. 2 ഗുണഭോക്താക്കൾക്ക് 50,000 രൂപ വീതം കാലിത്തൊഴുത്ത് നിർമ്മാണത്തിനായി ധനസഹായം നൽകി.

VIII. അന്തരീക്ഷ മർദ്ദം ലഘൂകരിക്കുന്നതിന് 1 ഗുണഭോക്താവിന് 25,000 രൂപ ധനസഹായം നൽകി.

IX. 154 കിലോഗ്രാം മിനറൽ മിക്സ്ചർ ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നതിന് 15,400 രൂപ ധനസഹായം നൽകി.

X. പദ്ധതി പ്രകാരം 50 ലക്ഷം രൂപയുടെ ധനസഹായം വള്ളികുന്നം പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 115 പശുക്കളെ സംസ്ഥാനത്തിന് പുറത്തു നിന്നും കൊണ്ടുവന്നിട്ടുള്ളതും വള്ളികുന്നം പഞ്ചായത്തിലെ 5 ക്ഷീര സംഘങ്ങളിലായി 1800 ലിറ്റർ പ്രതിദിന പാൽ സംഭരണ വർദ്ധനവ് ഉണ്ടായിട്ടുള്ളതുമാണ്. ആവശ്യാധിഷ്ഠിത ധനസഹായ പദ്ധതിയിലുൾപ്പെടുത്തി 38 കർഷകരുടെ കാലിത്തൊഴുത്ത് നവീകരിച്ചത് പശുക്കളുടെ ആരോഗ്യസംരക്ഷണത്തിനും പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സഹായിച്ചിട്ടുണ്ട്.

ക്ഷീരഗ്രാമം പദ്ധതി

319 (4707) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരഗ്രാമം പദ്ധതിയിൽ സംസ്ഥാനത്തെ ഏതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇതിനായി സർക്കാർ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

2016 മുതൽ 2021 വരെ 53 ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി. ഇതിനായി 3,050 ലക്ഷം രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

1 പശു, 2 പശു, 5 പശു, 10 പശു, 5 കിടാരി, 10 കിടാരി കോമ്പസിറ്റ് ഡയറി യൂണിറ്റ് (1+1), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3+2), മിൽക്കിംഗ് മെഷീൻ, അവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം, മിനറൽ മിക്സ്ചർ വിതരണം തുടങ്ങിയവയാണ് പ്രസ്തുത പദ്ധതിയിൽ പ്രധാനമായും നടപ്പിലാക്കിവരുന്നത്. ഒരു പഞ്ചായത്തിന് 50 ലക്ഷം രൂപയാണ് പരമാവധി ധനസഹായമായി അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly